**കാലിക്കറ്റ് സർവ്വകലാശാല**
**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

**<u>പത്രക്കുറിപ്പ്</u>**

**<u>പി.ജി ക്യാപ് 2026 – എഡിറ്റിംഗ് / ലേറ്റ് രജിസ്ട്രേഷൻ / റാങ്ക് പട്ടിക</u>**

2026 – 27 അധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുമ്പായി നേരത്തെ സമർപ്പിച്ച അപേക്ഷയിൽ എല്ലാ വിധ തിരുത്തലുകൾ (മൊബൈൽ നമ്പർ, ഇമെയിൽ ഐഡി എന്നിവ ഒഴികെ) വരുത്തുന്നതിനുള്ള സൗകര്യം സ്റ്റുഡന്റ് ലോഗിനിൽ **01.07.2026 മുതൽ 04.07.2026 വൈകീട്ട് 4 മണിവരെ** ലഭ്യമായിരിക്കും.
വിദ്യാർത്ഥികൾക്ക് ഒരു തവണ മാത്രമേ എഡിറ്റ് ചെയ്യാനുള്ള **(ONE TIME EDITING) സൗകര്യം** ലഭ്യമാകുകയുള്ളൂ. ആയതുകൊണ്ട് തന്നെ വളരെ ശ്രദ്ധിച്ച് എല്ലാ തിരുത്തലുകളും വരുത്തിയതിന് ശേഷം മാത്രമേ അപേക്ഷ പൂർത്തീകരിക്കുവാൻ പാടുള്ളൂ. മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള എഡിറ്റിംഗ് ഒഴിവാക്കാവുന്നതാണ്.
സ്റ്റുഡന്റ് ലോഗിനിലെ 'UNLOCK/EDIT' എന്ന ലിങ്ക് ഉപയോഗിച്ച് എഡിറ്റിംങ് സൗകര്യം ഉപയോഗപ്പെടുത്തുന്ന മുഴുവൻ വിദ്യാർത്ഥികളും നിർബന്ധമായും കോളേജ് പ്രോഗ്രാം ഓപ്ഷനുകൾ ഉൾപ്പെടുത്തി അപേക്ഷ ഫൈനലൈസ് ചെയ്തു എന്നുറപ്പ് വരുത്തേണ്ടതും പുതുക്കിയ അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുത്ത്, വിവരങ്ങൾ കൃത്യമാണ് എന്നുറപ്പുവരുത്തി, സൂക്ഷിക്കേണ്ടതുമാണ്. <u>എഡിറ്റ് ചെയ്തവർ, പുതിയ പ്രിന്റൗട്ട് എടുത്താൽ മാത്രമേ അപേക്ഷ പൂർണ്ണമാവുകയുള്ളൂ.</u>
ഒന്നാമത്തെ ഓപ്ഷനിൽ തന്നെ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടിയവർ, ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായി മുഴുവൻ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്ത് പ്രവേശനം നേടിയവർ എന്നിവരൊഴികെ എല്ലാവർക്കും എഡിറ്റിംഗ് സൗകര്യം ലഭ്യമായിരിക്കും.

ഒന്നാമത്തെയോ രണ്ടാമത്തെയോ അലോട്ട്മെന്റുകളിൽ ഉൾപ്പെട്ട മാൻഡേറ്ററി ഫീ അടക്കാത്തത് കാരണമോ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്തതിനാലോ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്തായവർക്കും, റാങ്ക് ലിസ്റ്റിലേക്ക് ഉൾപ്പെടുന്നതിനായി എഡിറ്റിംഗ് സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. അപേക്ഷ എഡിറ്റ് ചെയ്താൽ ഫൈനലൈസ് ചെയ്ത് പുതുക്കിയ അപേക്ഷയുടെ പ്രിന്റ്ഔട്ട് ലഭിച്ച വിദ്യാർത്ഥികളെ മാത്രമേ വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുകയുള്ളൂ.

**<u>പി.ജി ക്യാപ് –2026 ലേറ്റ് രജിസ്ട്രേഷൻ</u>**
2026 – 27 അദ്ധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള പി.ജി. പ്രവേശനത്തിന് ലേറ്റ് ഫീയോടുകൂടിയുള്ള **(ജനറൽ: ₹ 870/-, എസ് /എസ് ടി : ₹570/-)** രജിസ്ട്രേഷനുള്ള സൗകര്യം **01.07.2026 മുതൽ 04.07.2026 വൈകുന്നേരം 4.00 മണി വരെ** (വെബ്സൈറ്റ്: admission.uoc.ac.in) ലഭ്യമായിരിക്കും.

**<u>പി.ജി ക്യാപ് –2026 – വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ്</u>**
ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളെയും ലേറ്റ് രെജിസ്ട്രേഷൻ വഴി അപേക്ഷ സമർപ്പിക്കുന്നവരെയും വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. എഡിറ്റിംഗ് സൗകര്യം ഉപയോഗപ്പെടുത്തി അപേക്ഷ പൂർത്തീകരിച്ച മുഴുവൻ വിദ്യാർത്ഥികളെയും പുതുക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും വെയ്റ്റിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുക.
പ്രൊവിഷണൽ വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് **07.07.2026 ന** പ്രസിദ്ധീകരിക്കുന്നതാണ്. പ്രൊവിഷണൽ റാങ്ക് പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ, വിദ്യാർത്ഥികളുടെ അപേക്ഷയിൽ നൽകിയ ഇമെയിൽ വഴി pgonline@uoc.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക്, **08.07.2026 വൈകീട്ട് 4.00 മണി വരെ** സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. ശേഷം അന്തിമ റാങ്ക് പട്ടിക **09.07.2026 നും** പ്രസിദ്ധീകരിക്കുന്നതാണ്. വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് പ്രകാരമുള്ള കോളേജ് പ്രവേശനം **10.07.2026** മുതൽ ആരംഭിക്കുന്നതാണ്.

**<u>പി.ജി ക്യാപ് –2026 – കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റ്</u>**
2026–27 അദ്ധ്യയന വർഷത്തേക്കുള്ള പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് [PGCAP 26] എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ കമ്മ്യൂണിറ്റി ക്വോട്ട

റാങ്ക് ലിസ്റ്റ് സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് റാങ്ക് നില പരിശോധിക്കാവുന്നതാണ്. കോളേജ് നോട്ടീസ് ബോർഡുകളിൽ 01.07.2026 ന കമ്മ്യൂണിറ്റി ക്വോട്ട റാങ്ക് ലിസ്റ്റ് ലഭ്യമാക്കുന്നതാണ്.

എല്ലാവിധ പ്രവേശനങ്ങൾക്കും മാൻഡേറ്ററി ഫീ അടക്കാനുള്ള ലിങ്ക് സ്റ്റുഡന്റ് ലോഗിനിൽ 01.07.2026 മുതൽ ലഭ്യമാകും.

30.06.2026
C.U.Campus

Rajeevan Mundayat Valappil
Deputy Registrar